എൻജിനിയറിംഗ് ജോലികൾ: ട്രെയിൻ സമയത്തിൽ മാറ്റം

കൊല്ലം: അടുത്ത ആഴ്ച ട്രെയിൻ സമയങ്ങളിൽ മാറ്റം വരുന്നു. തിരുവനന്തപുരം റെയിൽവേ ഡിവിഷനിൽ എൻജിനിയറിംഗ് ജോലികൾ നടക്കുന്നതിനാലാണ് ജനുവരി 18നും 26നും ഇടയിൽ ട്രെയിൻ സർവീസുകൾ തടസപ്പെടുക. എറണാകുളത്തിനും ഗുരുവായൂരിനുമിടയിലാണ് ട്രെയിനുകളുടെ ഷെഡ്യൂളുകളിൽ താത്കാലിക മാറ്റം വരുന്നത്. ചില ട്രെയിനുകൾ പുറപ്പെടുന്ന സ്റ്റേഷനുകളിൽ മാറ്റമുണ്ട്. നാലു ട്രെയിനുകൾ പൂർണമായും റദ്ദാക്കിയതായും ദക്ഷിണ റെയിൽവെ അറിയിച്ചു. ജനുവരി 18, 19, 25, 26 എന്നീ തീയതികളിലാണ് ട്രെയിൻ ഗതാഗതം ഭാഗികമായി തടസപ്പെടുന്നത്.

ജനുവരി 18നും 25നും:

- ചെന്നൈ എഗ്മോറിൽനിന്ന് ഗുരുവായൂരിലേക്കുള്ള എക്സ്പ്രസ് ട്രെയിൻ (16127) ചാലക്കുടിയിൽ യാത്ര അവസാനിപ്പിക്കും. ചാലക്കുടി മുതൽ ഗുരുവായൂർ വരെയുള്ള യാത്ര റദ്ദാക്കും.
- ചെന്നൈ സെൻട്രലിൽനിന്ന് ആലപ്പുഴയിലേക്കുള്ള സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ് (22639) പാലക്കാട് യാത്ര അവസാനിപ്പിക്കും. ആലപ്പുഴയിലേക്ക് തുടർ യാത്രയുണ്ടാവില്ല.
- തിരുവനന്തപുരം സെൻട്രലിൽനിന്ന് ഗുരുവായൂരിലേക്കുള്ള ഇന്റർസിറ്റി എക്സ്പ്രസ് ട്രെയിൻ (16342) എറണാകുളം ജംഗ്ഷനിൽ യാത്ര അവസാനിപ്പിക്കും.
- കാരയ്ക്കലിൽനിന്ന് എറണാകുളം ജംഗ്ഷനിലേക്കുള്ള എക്സ്പ്രസ് (16187) പാലക്കാട് യാത്ര അവസാനിപ്പിക്കും. മധുരയിൽനിന്ന് ഗുരുവായൂരിലേക്കുള്ള എക്സ്പ്രസ് (16327) ഈ ദിവസങ്ങളിൽ ആലുവയിലും യാത്ര അവസാനിപ്പിക്കും.

ജനുവരി 19 നും, 26നും:

- ആലപ്പുഴ-ചെന്നൈ സെൻട്രൽ എക്സ്പ്രസ് (22640) പാലക്കാട് നിന്നാണ് യാത്ര പുറപ്പെടുക. സമയം രാത്രി 7.50.
- എറണാകുളം-കണ്ണൂർ എക്സ്പ്രസ് (16305) തൃശൂരിൽനിന്ന് രാവിലെ 7.16ന് പുറപ്പെടും.
- ഗുരുവായൂർ-തിരുവനന്തപുരം ഇന്റർസിറ്റി എക്സ്പ്രസ് എറണാകുളത്തുനിന്ന് രാവിലെ 5.20 നാണ് തിരുവനന്തപുരത്തേക്ക് പുറപ്പെടുക.
- എറണാകുളം-കാരയ്ക്കൽ എക്സ്പ്രസ് (16188) പാലക്കാട് നിന്ന് പുലർച്ചെ 1.40നാണ് പുറപ്പെടുക.
- ഗുരുവായൂർ-മധുര എക്സ്പ്രസ് (16328) ആലുവയിൽനിന്ന് രാവിലെ 7.24ന് പുറപ്പെടും.

റദ്ദാക്കുന്ന ട്രെയിനുകൾ

- ജനുവരി 18നും 26നും ഇടയിൽ നാലു ട്രെയിനുകൾ റദ്ദാക്കും. പൂർണമായും റദ്ദാക്കുന്ന ട്രെയിനുകൾ ഇവയാണ്:
- ജനുവരി 18, 25 - എറണാകുളം-ഷൊർണൂർ സ്പെഷൽ (06018)
- ജനുവരി 19 - ഷൊർണൂർ-എറണാകുളം സ്പെഷൽ (06[illegible],
- ഗുരുവായൂർ-എറണാകുളം പാസഞ്ചർ (06439),
- കോട്ടയം-എറണാകുളം പാസഞ്ചർ

ശമ്പളമില്ല, സ്കൂൾ പാചകത്തൊഴിലാളികളുടെ പ്രതിഷേധ ദിനാചരണം 22ന്

തൃശൂർ: സ്കൂൾ പാചകത്തൊഴിലാളികളുടെ നവംബർ, ഡിസംബർ മാസങ്ങളിലെ ശമ്പളം ഉടൻ വിതരണം ചെയ്യുക, എല്ലാ മാസവും കൃത്യമായി ശമ്പളം നൽകുക, പിരിച്ചുവിടുന്ന തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നടപ്പാക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് 22നു സംസ്ഥാനവ്യാപകമായി പ്രതിഷേധദിനം ആചരിക്കാൻ കേരള സ്കൂൾ വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി തീരുമാനിച്ചു.

പാചകത്തൊഴിലാളികളുടെ തൊഴിൽഭാരം ലഘൂകരിക്കണമെന്നു സംസ്ഥാന ഭക്ഷ്യ കമ്മീഷൻ സംസ്ഥാന സർക്കാരിനു നൽകിയ പഠനറിപ്പോർട്ട് ഉടൻ നടപ്പാക്കാതെ തൊഴിലാളികളുടെ അധ്വാനത്തെ ഇടതുപക്ഷസർക്കാർ ചൂഷണം ചെയ്യുന്ന നിലപാടിനെതിരേ വ്യാപകമായ പ്രതിഷേധം രേഖപ്പെടുത്തും. സർക്കാർജീവനക്കാർ നടത്തുന്ന സമരത്തോടൊപ്പം ഇങ്ങനെയും ഒരു വിഭാഗം ജീവിച്ചിരിപ്പുണ്ടെന്നു സമൂഹത്തെ ബോധ്യപ്പെടുത്താനാണു പ്രതിഷേധദിനം ആചരിക്കുന്നത്.

യുഡിഎഫ് ഭരണകാലത്ത് തൊഴിലാളികളുടെ ദിവസവേതനം ആയിരം രൂപയായി വർധിപ്പിക്കണമെന്നും തൊഴിലാളികൾക്കു മാസത്തിൽ രണ്ടുദിവസം അവധി നൽകണമെന്നും കൂടുതൽ തൊഴിലാളികളെ നിയമിക്കണമെന്നും ആവശ്യപ്പെട്ട ഇടതു ട്രേഡ് യൂണിയനുകൾ, ഇടതുപക്ഷം അധികാരികൾ വന്നപ്പോൾ മൗനം പാലിക്കുകയാണെന്നു സംസ്ഥാന കമ്മിറ്റി വിലയിരുത്തി. ഇടതുപക്ഷ സർക്കാരിന്റെ തൊഴിലാളിദ്രോഹ നടപടികൾക്കെതിരേ ശക്തമായ പ്രചാരണമാണ് പ്രതിഷേധദിനത്തിലൂടെ ലക്ഷ്യംവയ്ക്കുന്നതെന്നു സംസ്ഥാന ജനറൽ സെക്രട്ടറി സുജോബി ജോസ് വ്യക്തമാക്കി.

യുഡിഎഫിന്റെ മലയോര സമര പ്രചാരണയാത്ര 27 മുതൽ

തിരുവനന്തപുരം: കാർഷിക മേഖലയോട് സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നിഷേധാത്മക നിലപാടിൽ പ്രതിഷേധിച്ചും, ബഫർ സോൺ വിഷയത്തിൽ കേന്ദ്ര സർക്കാർ ഇടപെടണമെന്നാവശ്യപ്പെട്ടും യുഡിഎഫിന്റെ നേതൃത്വത്തിൽ ഈ മാസം 27 മുതൽ മലയോര സമര പ്രചാരണ യാത്ര നടത്തും.

വനം നിയമഭേദഗതി ബിൽ പിൻവലിക്കുക, വന്യമൃഗങ്ങളുടെ അക്രമത്തിൽനിന്ന് മലയോര കർഷകരെയും ജനങ്ങളെയും രക്ഷിക്കുക, കാർഷിക മേഖലയിലെ തകർച്ചയ്ക്ക് പരിഹാരമുണ്ടാക്കുക, ബഫർ സോൺ വിഷയത്തിൽ കേന്ദ്രസർക്കാർ ഇടപെടുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ നയിക്കുന്ന മലയോര സമര പ്രചാരണയാത്ര ജനുവരി 27ന് കണ്ണൂരിലെ ഇരിക്കൂർ മണ്ഡലത്തിലെ ഉളിക്കലിൽനിന്ന് ആരംഭിച്ച് ഫെബ്രുവരി അഞ്ചിന് തിരുവനന്തപുരം പാറശാല മണ്ഡലത്തിലെ അമ്പൂരിയിൽ സമാപിക്കുമെന്നു യുഡിഎഫ് കൺവീനർ എം.എം. ഹസൻ പത്രസമ്മേളനത്തിൽ അറിയിച്ചു. മലയോര സമരപ്രചാരണ യാത്രയിൽ സ്ഥലങ്ങളിൽ കർഷക സമ്മേളനങ്ങൾ സംഘടിപ്പിക്കും.

യുഡിഎഫ് നേതാക്കളായ കെ. സുധാകരൻ എംപി, പി.പി. കുഞ്ഞാലിക്കുട്ടി, പി.ജെ. ജോഫഫ്, രമേശ് ചെന്നിത്തല. എം.എം. ഹസൻ, സി.പി. ജോൺ, ഷിബു ബേബി ജോൺ, അനൂപ് ജേക്കബ്, ജി. ദേവരാജൻ, മാണി സി. കാപ്പൻ, അഡ്വ. രാജൻ ബാബു, രാജേന്ദ്രൻ വെള്ളപ്പാലത്ത് തുടങ്ങിയവർ യാത്രയിൽ പങ്കെടുക്കും. വനംനിയമ ഭേദഗതി മൂലം 30 ലക്ഷം കർഷകർ അടിയന്തരാവസ്ഥ പോലെയാണ് ജീവിക്കുന്നതെന്ന് ഹസൻ ചൂണ്ടിക്കാട്ടി.

സുഗത നവതി പുരസ്കാരം ശ്രീമൻ നാരായണന്

തിരുവനന്തപുരം: സുഗതകുമാരിയുടെ നവതി ആഘോഷത്തോടനുബന്ധിച്ചുള്ള സുഗത നവതി പുരസ്കാരം പരിസ്ഥിതി പ്രവർത്തകനായ ശ്രീമൻ നാരായണന്. അഞ്ചു ലക്ഷം രൂപയും ഫലകവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം. ഡോ. എം.വി. പിള്ള, ഡോ. ജി. ശങ്കർ, ഡോ.എം.ജി ശശിഭൂഷൺ, രഞ്ജിത് കാർത്തികേയൻ, എൻ. ബാലഗോപാൽ എന്നിവരടങ്ങിയ സമിതിയാണ് പുരസ്കാരം നിർണയിച്ചത്.

ശ്രീമൻ നാരായണൻ എറണാകുളം ജില്ലയിലെ മുപ്പത്തടം സ്വദേശിയാണ്. വേനൽക്കാലത്ത് പക്ഷികൾക്ക് ജീവജലം നൽകാൻ ലക്ഷത്തിലേറെ മൺപാത്രങ്ങൾ സൗജന്യമായി വിതരണം ചെയ്ത് ശ്രദ്ധനേടിയിരുന്നു.

മുകുന്ദൻ മേനോൻ റാമ പ്രസിഡന്റ്

കൊച്ചി: ഇന്ത്യയിലെ റഫ്രിജറേഷൻ ആൻഡ് എയർ കണ്ടീഷനിംഗ് വ്യവസായത്തിലെ നിർമാതാക്കളെ പ്രതിനിധീകരിക്കുന്ന റഫ്രിജറേഷൻ ആൻഡ് എയർ കണ്ടീഷനിംഗ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ (റാമ) പ്രസിഡന്റായി മുകുന്ദൻ മേനോനെ നിയമിച്ചു. കഴിഞ്ഞ നാലു വർഷമായി റാമയെ നയിക്കുകയും അസോസിയേഷന്റെ വിജയത്തിന് നിർണായക സംഭാവന നൽകുകയും ചെയ്ത ഡെയ്കിൻ എയർകണ്ടീഷനിംഗ് മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ കൻവൽജീത് ജാവയുടെ പിൻഗാമിയായാണ് മേനോൻ എത്തുന്നത്.

സഹകരണ നിയമഭേദഗതി റദ്ദാക്കിയ സിംഗിൾ ബെഞ്ച് ഉത്തരവിന് സ്റ്റേ

കൊച്ചി: സഹകരണ സംഘങ്ങളിൽ തുടർച്ചയായി മൂന്നു തവണയിലധികം മത്സരിക്കുന്നത് വിലക്കിയ സഹകരണ നിയമഭേദഗതി റദ്ദാക്കിയ സിംഗിൾ ബെഞ്ച് ഉത്തരവ് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് സ്റ്റേ ചെയ്തു.

നിയമഭേദഗതി ഭരണഘടനാവിരുദ്ധമാണെന്ന് വിലയിരുത്തിയായിരുന്നു സിംഗിൾ ബെഞ്ചിന്റെ ഉത്തരവ്. എന്നാൽ, തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് നിയമപരമായ അവകാശമല്ലെന്നതടക്കം ചൂണ്ടിക്കാട്ടി സർക്കാർ നൽകിയ അപ്പീൽ ഹർജിയാണു ജസ്റ്റീസുമാരായ അമിത് റാവൽ, കെ.വി. ജയകുമാർ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് പരിഗണിച്ചത്. അപ്പീലുകൾ ഫയലിൽ സ്വീകരിച്ചകോടതി എതിർകക്ഷികൾക്കു നോട്ടീസ് അയക്കാൻ ഉത്തരവായി.

2024 ജൂൺ ഏഴിനാണ് 56 വ്യവസ്ഥകൾ പുതുതായി ഉൾപ്പെടുത്തി സഹകരണ നിയമഭേദഗതി നിലവിൽ വന്നത്. വിവിധ സംഘങ്ങളിൽ നടന്ന ക്രമക്കേടുകൾ വിലയിരുത്തിയാണ് സമഗ്രമായ നിയമഭേദഗതി കൊണ്ടുവന്നതെന്നും വായ്പാ സഹകരണസംഘങ്ങളിൽ മാത്രമാണ് തത്കാലം ഈ വ്യവസ്ഥ നിലവിൽ വന്നതെന്നും സർക്കാർ വിശദീകരിച്ചു.

വിജയന്റെ മരണത്തിനു കാരണം കോൺഗ്രസ് പാർട്ടിയിലെ ഉൾപ്പോര്: എം.വി. ഗോവിന്ദൻ

സുൽത്താൻ ബത്തേരി: ഡിസിസി ട്രഷറർ എൻ.എം. വിജയന്റെയും മകൻ ജിജേഷിന്റെയും മരണത്തിനിടയാക്കിയത് കോൺഗ്രസ് പാർട്ടിയിലെ ഉൾപ്പോരാണെന്നു സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. എൻ.എം. വിജയന്റെ വീട്ടിലെത്തി കുടുംബാംഗങ്ങളെ സന്ദർശിച്ച ശേഷം മാധ്യമപ്രവർത്തകരോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. പാർട്ടി നേതൃത്വം വരുത്തിവച്ച ബാധ്യതയുടെ പേരിലാണ് വിജയൻ ആത്മഹത്യ ചെയ്തത്.

പാർട്ടി നേതൃത്വത്തിന് കത്ത് നൽകിട്ടും നേതൃത്വം ഇത് ഗൗനിക്കാൻ തയാറാകാത്തതാണ് വിജയനെ മരണത്തിലേക്ക് നയിച്ചത്. കൊലപാതകികളെ സംരക്ഷിക്കുന്ന പാർട്ടിയാണു കോൺഗ്രസ്. വിജയന്റെയും മകന്റെയും മരണത്തിൽ വേദനിച്ച് കഴിയുന്ന കുടുംബത്തെ ആക്രമിക്കുകയാണ് കോൺഗ്രസ് നേതൃത്വം ചെയ്തത്.

വിജയന്റെ കുടുംബത്തിനു പ്രത്യേകിച്ച് ഓഫറുകളൊന്നും സിപിഎം നൽകിയിട്ടില്ല. നിലവിൽ കുടുംബത്തെ സംരക്ഷിക്കാനും പാർട്ടി തീരുമാനിച്ചിട്ടില്ല. അങ്ങനെ ഒരു ആവശ്യം വരുന്നഘട്ടം വന്നാൽ സിപിഎം കൂടെനിൽക്കും. പി.വി. അൻവറുമായി പാർട്ടിക്കു യാതൊരു ബന്ധവുമില്ല. അൻവറുമായി എല്ലാ ബന്ധവും വിച്ഛേദിച്ചതാണ്.

അദ്ദേഹം ഡിഎംകെയിലോ തൃണമൂലിലോ എവിടെയായാലും പാർട്ടിക്ക് ഒന്നുമില്ല. എല്ലാത്തിനും ഒറ്റ ഉത്തരമേയുള്ളൂ വെന്നും അദ്ദേഹം യുഡിഎഫിലാണെന്നും ഗോവിന്ദൻ പറഞ്ഞു.

കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാന സമ്മേളനം കോട്ടയത്ത്

കൊച്ചി: കെസിബിസി മദ്യവിരുദ്ധ സമിതിയുടെയും മദ്യവിരുദ്ധ കമ്മീഷന്റെയും സംയുക്ത സംസ്ഥാന സമ്മേളനം 26ന് കോട്ടയം ലൂർദ് ഫൊറോന ഓഡിറ്റോറിയത്തിൽ നടക്കും. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ് അധ്യക്ഷത വഹിക്കും.

ആർച്ച്ബിഷപ്പുമാരായ മാർ മാത്യു മൂലക്കാട്ട്, മാർ തോമസ് തറയിൽ, ബിഷപ്പുമാരായ മാർ ജോസ് പുളിക്കൽ, മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, ഡോ. ആർ. ക്രിസ്തുദാസ്, ഡോ. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിൽപറമ്പിൽ, മേജർ രവി, ഫാ. ജോൺ അരീക്കൽ, പ്രസാദ് കുരുവിള എന്നിവർ പ്രസംഗിക്കും.

യുവജന-കരിസ്മാറ്റിക്-ആരോഗ്യ മേഖലകളിലെ പ്രവർത്തകരും സമ്മേളനത്തിൽ പങ്കെടുക്കും. ആർച്ച്ബിഷപ് മാർ തോമസ് തറയിലും മേജർ രവിയും വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിക്കും. കേരള കത്തോലിക്കാസഭയുടെ 32 രൂപതകളിൽനിന്നുള്ള പ്രവർത്തകർ സമ്മേളനത്തിൽ പങ്കെടുക്കും.

വിദ്യാഭ്യാസ കോൺക്ലേവിൽനിന്ന് ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലറെ ഒഴിവാക്കി

തിരുവനന്തപുരം: ഇന്നും നാളെയുമായി കൊച്ചിയിൽ നടക്കുന്ന ഉന്നതവിദ്യാഭ്യാസ കോൺക്ലേവിൽ നിന്നും ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ ഡോ. സിസാ തോമസിനെ ഒഴിവാക്കി. രണ്ടു ദിവസമായി നടക്കുന്ന വിവിധ സെഷനുകളിൽ മറ്റ് വിസിമാരെയും മുൻ ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലറെയും ഉൾപ്പെടുത്തിയിട്ടുണ്ട്. മുഖ്യ സെഷനുകളിൽ മുൻ വിസിമാരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

എംജി വിസി സി. അരവിന്ദ് കുമാർ, മുൻ വിസിമാരായ ഡോ. സാബു തോമസ്, ഡോ. ഗോപിനാഥ് രവീന്ദ്രൻ, എം. വി. നാരായണൻ, പി.ജി. ശങ്കരൻ, ഗംഗൻ പ്രതാപ്, സജി ഗോപിനാഥ് ഉൾപ്പെടെയുള്ളവർ വിവിധ സെഷനുകളിൽ പങ്കെടുക്കുമ്പോഴാണ് ഡിജിറ്റൽ സർവകലാശാല വിസിയെ ഒഴിവാക്കിയത്. എന്നാൽ ഡിജിറ്റൽ സർവകലാശാലയുടെ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള സ്റ്റാൾ കോൺക്ലേവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

> രണ്ടു ദിവസമായി നടക്കുന്ന വിവിധ സെഷനുകളിൽ മറ്റ് വിസിമാരെയും മുൻ ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലറെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

തമിഴ്നാട്ടിൽ നടന്ന സൗത്ത് ഇന്ത്യൻ വിസിമാരുടെ കൺവൻഷനിൽ മുഖ്യ പ്രസംഗകരിൽ ഒരാളായിരുന്ന ഡോ. സിസാ തോമസിന് സ്വന്തം സംസ്ഥാനത്തെ കോൺക്ലേവിൽ പങ്കെടുക്കാൻ കഴിയാത്ത സ്ഥിതി ചർച്ചയായിട്ടുണ്ട്.

ദീപിക ക്ലാസിഫൈഡ്സ്

കൃപ സെപ്റ്റിക് ടാങ്ക് ക്ലീനിങ്
ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വൃത്തിയാക്കുന്നു
9656207148

വീട്, സ്ഥലം ആവശ്യമുണ്ട്
KERALA's NO.1 റിയൽ എസ്റ്റേറ്റ് പോർട്ടലായ realkairali.com നു വിദേശ മലയാളികൾക്കായി സ്ഥലങ്ങൾ, വീടുകൾ, വില്ല, ഫ്ളാറ്റ്, ബിൽഡിങ്, എസ്റ്റേറ്റ് ഇടനിലക്കാരില്ലാതെ ആവശ്യമുണ്ട്.
9539 11 24 24

ഹോം നേഴ്സിംഗ്
പരിചയമുള്ള രോഗീപരിചരണം, വീട്ടുജോലി, പ്രസവശുശ്രൂഷ, GNM നേഴ്സിംഗ് എന്നീ ജോലിയ്ക്കും, ജോലിക്കാർക്കും. ശമ്പളം: രൂപ 17000 - 45000. സ്ത്രീ/ പുരുഷൻ.
വെസ്റ്റേൺ, മുട്ടം, തൊടുപുഴ
9446813356
9388810095
Ph: 04862-255326
K2411-547476

RC ബുക്ക് നഷ്ടപ്പെട്ടു
KL-08-BZ-9300 രജിസ്ട്രേഷൻ നമ്പറിലുള്ള Urban Cruiser Hyryder G Hybrid കാറിന്റെ RC ബുക്ക് നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ താഴെയുള്ള അഡ്രസ്സിലോ അടുത്തുള്ള പൊലീസ് സ്റ്റേഷനിലോ അറിയിക്കുക.
Thomas Francis, Kanjirathingal House, Puthur Road, Kuriachira P.O., Thrissur, Kerala - 680006
E2501-551933

SOUTH INDIAN Bank EXPERIENCE NEXT-GEN BANKING
Regional Office Thrissur: Platinum Jubilee Building, Civil Lane Road, Ayyanthole, Thrissur-680003. Ph: 0487-2424292, 9895099120, E-mail: ro1006@sib.co.in
Reg.Office: SIB House, TB Road, Mission Quarters, Thrissur, Kerala-680001. Ph: 0487-24200 20, 21, E-mail: sibcorporate@sib.co.in www.southindianbank.com CIN No.: L65191KL1929PLC001017
Ref: TCR/RO/REC/SAR/SN/ABI/224/2024-25 ഇ – ലേല വിൽപ്പന അറിയിപ്പ് തീയതി : 10.01.2025
സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002ന്റെ റൂൾ 8(6) & 9(1) പ്രകാരവും പ്രസിദ്ധീകരിക്കുന്ന സ്ഥാവര വസ്തുക്കൾ വിൽപന ക്കായുള്ള ഇ–ലേല വിൽപന അറിയിപ്പ്.
വായ്പക്കാർ/ജാമ്യക്കാർ:– (1) M/s.സ്വാദ് ഫുഡ് പ്രൊഡക്ട്സ്, (പ്രതിനിധാനം ചെയ്തുകൊണ്ട് അതിന്റെ പാർട്ട്ണേഴ്സ്), VII/524, VII/518, ലൂർദ് നഗർ, കച്ചേരി, അഞ്ചേരി PO, തൃശ്ശൂർ–680006; കൂടാതെ, ബിൽഡിംഗ് നമ്പർ: 20/730A, മരത്താക്കര പി.ഒ., തൃശ്ശൂർ–680320 (2). ശ്രീ. അനിൽകുമാർ സി. കെ, (പാർട്ട്ണർ: സ്വാദ് ഫുഡ് പ്രൊഡക്ട്സ്), ചോഴിയാൻകുന്നത്ത് ഹൗസ്, മാടമ്പി ലെയ്ൻ പൂത്തോൾ പി.ഒ., തൃശ്ശൂർ–680004; കൂടാതെ: ചോഴിയാൻകുന്നത്ത്, മയൂർ വിഹാർ അപ്പാർട്ട്മെന്റ്സ് എഫ് 3, ചേറൂർ പി ഒ, ISCON ഗാർഡൻ ലെയ്ൻ, തൃശ്ശൂർ–680008 (3). ശ്രീ. സുനിൽ സി കെ @ സുനിൽകുമാർ, (പാർട്ട്ണർ: സ്വാദ് ഫുഡ് പ്രൊഡക്ട്സ്), ചോഴിയാൻകുന്നത്ത്, മയൂർ വിഹാർ അപ്പാർട്ട്മെന്റ്സ് എഫ് 3, ചേറൂർ പി ഒ, ISCON ഗാർഡൻ ലെയ്ൻ, തൃശ്ശൂർ–680008 (4) ശ്രീമതി. ടൂസി അനിൽകുമാർ, (പാർട്ട്ണർ: സ്വാദ് ഫുഡ് പ്രൊഡക്ട്സ്), ചോഴിയാൻകുന്നത്ത്, മയൂർ വിഹാർ അപ്പാർട്ട്മെന്റ്സ് എഫ് 3, ചേറൂർ പി ഒ, ISCON ഗാർഡൻ ലെയ്ൻ, തൃശ്ശൂർ–680008 (5). ശ്രീമതി. പ്രിയ സുനിൽ, (പാർട്ട്ണർ: സ്വാദ് ഫുഡ് പ്രൊഡക്ട്സ്), ചോഴിയാൻകുന്നത്ത്, മയൂർ വിഹാർ അപ്പാർട്ട്മെന്റ്സ് എഫ് 3, ചേറൂർ പി ഒ, ISCON ഗാർഡൻ ലെയ്ൻ, തൃശ്ശൂർ–680008 (6). പ്രതീഷ് പി കെ, പോട്ടയിൽ ഹൗസ്, ആനപ്പടി, ഒല്ലൂർ പിഒ, തൃശ്ശൂർ 680306 & (7). നളിനി എ കെ, പോട്ടയിൽ ഹൗസ്, ആനപ്പടി, ഒല്ലൂർ പി.ഒ, തൃശ്ശൂർ–680306
താഴെ പ്രസ്താവിക്കുന്ന സ്ഥാവര വസ്തുവകകൾ ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, പറവട്ടാനി ബ്രാഞ്ചിൽ (സെക്യൂരിറ്റി ക്രെഡിറ്റർ) പണയപ്പെടുത്തിയിട്ടുള്ളതും ചുമതലപ്പെടുത്തിയ ഓഫീസർ ഭൗതികമായി കൈവശത്തിലെടുത്തിട്ടുള്ളതുമാണ്. 09.01.2025–ാം തീയതിക്ക് രൂ.8,29,55,539.82/– (എട്ട് കോടി ഇരുപത്തിയൊമ്പത് ലക്ഷത്തി അമ്പത്തിയഞ്ചായിരത്തി അഞ്ഞൂറ്റി മുപ്പത്തിയൊമ്പത് രൂപ എൺപത്തിരണ്ട് പൈസ മാത്രം) തുടർന്നുള്ള പലിശയും നഷ്ടങ്ങളും ചിലവുകളും മുതലായവ അടക്കം, മുകളിൽ സൂചിപ്പിച്ച വായ്പക്കാർ & ജാമ്യക്കാർ ആയവരിൽ നിന്നും ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡിന്റെ പറവട്ടാനി ബ്രാഞ്ചിലേക്ക് ഈടാക്കികിട്ടുന്നതിലേയ്ക്കായി "എവിടെയാണോ" "എന്തുതന്നെയായാലും അങ്ങനെതന്നെ" എന്ന വ്യവസ്ഥയിൽ 14.02.2025 ന് വിൽപന നടത്തുന്നതാണെന്ന് പൊതുജനങ്ങൾക്ക് പൊതുവായും പ്രത്യേകിച്ച് വായ്പക്കാർക്കും ജാമ്യക്കാർക്കും ഇതിനാൽ അറിയിച്ച് നൽകുന്നു
ഇനം നമ്പർ 1 : ഈട് നൽകിയത് : M/s.സ്വാദ് ഫുഡ് പ്രൊഡക്ട്സ് (പ്രതിനിധാനം ചെയ്തുകൊണ്ട് അതിന്റെ പാർട്ട്ണേഴ്സ്). സ്ഥാവര വസ്തുക്കളുടെ വിവരണം: തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക്, നടത്തറ വില്ലേജ് സർവ്വെ നമ്പർ 42/2 P & 43/2 P ൽപെട്ട 3.49 ആർസ് സ്ഥലവും തന്നകത്തുള്ള സകല വഹകളും ദേഹണ്ഡങ്ങളും പ്രത്യേല വിസ്തീർണ്ണം 2800 Sq.ft. (ഏകദേശം) വ്യാവസായിക കെട്ടിടവും മറ്റ് എല്ലാ നിർമ്മിതികളും മെച്ചപ്പെടുത്തലുകളും നിലവിലുള്ള അവകാശങ്ങളും അനുബന്ധങ്ങളും അടക്കം M/s.സ്വാദ് ഫുഡ് പ്രൊഡക്ട്സ് എന്ന പേരിലുള്ളതാണ്. കൂട്ടനെല്ലൂർ സബ് രജിസ്ട്രാർ ഓഫീസിൽ 10.02.2006 ലെ 651/2006 തീറാധാരത്തിൽ കൂടുതൽ പൂർണ്ണമായി പരാമർശിക്കുന്നു. അതിരുകൾ വടക്ക്: സ്വകാര്യ വഴി. തെക്ക്: റോഡ്. കിഴക്ക്: ആന്റോ വക വസ്തു. പടിഞ്ഞാറ്: മുകുന്ദൻ വക വസ്തു.
കരുതൽ വില: രൂ.48,78,000/– (നാൽപത്തിയെട്ട് ലക്ഷത്തി എഴുപത്തിയെട്ടായിരം രൂപ മാത്രം) ലേല വർദ്ധന : രൂ.5,000/–
നിരതദ്രവ്യം (EMD) : രൂ.4,87,800/– (നാല് ലക്ഷത്തി എൺപത്തിയെഴായിരത്തി എണ്ണൂറ് രൂപ മാത്രം) (അയ്യായിരം രൂപ മാത്രം)
EMD 13.02.2025 നോ അതിനുമുമ്പോ വൈകുന്നേരം 5.00 മണിക്കകം നിക്ഷേപിക്കേണ്ടതാണ്
ഇ–ലേലത്തിന്റെ തീയതിയും സമയവും: 14.02.2025 രാവിലെ 10.00 മുതൽ രാവിലെ 10.30 വരെ
(വിൽപന അവസാനിക്കുന്നതുവരെ 5 മിനിറ്റ് പരിധിയില്ലാത്ത ഓട്ടോ എക്സ്റ്റൻഷനുകൾക്കൊപ്പം)
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: 01.01.1994 മുതൽ 15.02.2024 വരെയുള്ള ബാധ്യതകൾ അതിൽ ഇനിപറയുന്ന ബാധ്യതകൾ അടങ്ങിയിരിക്കുന്നു:– • OS 186/2019 ന്റെ IA 2183/2019 തൃശ്ശൂർ സബ് കോടതി റവന്യൂ അറ്റാച്ച്മെന്റ് • OS 2152/2019 ന്റെ IA 11996/2019 തൃശ്ശൂർ മുൻസിഫ് കോടതി റവന്യൂ അറ്റാച്ച്മെന്റ് • OS 49/2022 ന്റെ IA 2/2022 തൃശ്ശൂർ സബ് കോടതി റവന്യൂ അറ്റാച്ച്മെന്റ് • CS 147/2022 ന്റെ IA 2/2022 തൃശ്ശൂർ സബ് കോടതി PRL അറ്റാച്ചുമെന്റുകൾ (2 എണ്ണം). എന്നാൽ, ബാങ്കിന് അനുകൂലമായി വസ്തു പണയപ്പെടുത്തിയതിന് ശേഷമാണ് പ്രസ്തുത ബാധ്യത എടുത്തിരിക്കുന്നത്. ഇവിടെ പരാമർശിച്ചിട്ടുള്ളതല്ലാതെ ബാങ്കിന്റെ അറിവിൽ വസ്തുവിന്റെ മേൽ യാതൊരു ബാധ്യതയും ഇല്ല.
ഇനം നമ്പർ 2 : ഈട് നൽകിയത് : ശ്രീമതി. പ്രിയ സുനിൽ, ശ്രീമതി. നളിനി എ. കെ. & ശ്രീ. പ്രദീഷ് പി. കെ. സ്ഥാവര വസ്തുക്കളുടെ വിവരണം: തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക്, അവിണിശ്ശേരി വില്ലേജ് റീ.സർവ്വെ നമ്പർ 350/8 ൽപെട്